LIBRARY ARCHIVES Kerala Legislative Assembly

ുടങ്ങുന്നതിനായി വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 50 ഏക്കർ 12 സെന്റ് സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെയും ഫിനാൻസ് ഓഫീസറെയും പുതുതായി ചുമതലപ്പെടുത്തി 5-2-2016-ലെ സ.ഉ.(സാധാ) നമ്പർ 412/2016 ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് 50 എം.ബി.ബി.എസ്. സീറ്റുകൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അടിസ്ഥാന സൗകര്യങ്ങളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജി.എച്ച്. മെഡിക്കൽ കോളേജിലും കോന്നി മെഡിക്കൽ കോളേജിലും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ പുതിയ മെഡിക്കൽ കോളേജിലും മാനദണ്ഡമനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചശേഷം മാത്രമാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തനം ആരംഭിക്കുന്നത്.

(ഇ) പുതിയ മെഡിക്കൽ കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചതിനുശേഷമാണ് അർഹരായ ഡോക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത്.

വൈദ്യ ചികിത്സാ മേഖലയിലെ അനാരോഗ്യ പ്രവണതകൾ

7(*67) ഡോ. എൻ. ജയരാജ് :

ശ്രീ. പി.സി. ജോർജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗനിർണ്ണയത്തിലും മരുന്നുകൾ നിർദ്ദേശിക്കുന്നതിലും ശസ്ത്രക്രിയകൾ നടത്തുന്നതിലും മറ്റും അവലംബിക്കുന്ന അനാരോഗ്യകരമായ പ്രവണതകൾമൂലം പൊതുജനാരോഗ്യ രംഗത്തുണ്ടാകുന്ന വെല്ലുവിളികളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* മറുപടിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ ഒരു 'മെഡിക്കൽ ഓഡിറ്റ് വിംഗ്' ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(സി) വൈദ്യചികിത്സാ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനാരോഗ്യ പ്രവണതകൾ ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഇതുസംബന്ധിച്ച് ചില പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഇതുസംബന്ധിച്ച പരാതികൾ കിട്ടിയിട്ടില്ല. മരുന്നുകൾ നിർദ്ദേശിക്കുന്നതിലെ അനാരോഗ്യകരമായ പ്രവണതകൾ തടയാൻ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമധേയത്തിൽ മാത്രമേ മരുന്നുകൾ നിർദ്ദേശിക്കാൻ പാടുള്ളുവെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ചികിത്സാ മാർഗ്ഗരേഖ ഉത്തരവ് പാലിക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ നടപ്പിലാക്കുന്നതാണ്. രോഗനിർണ്ണയ സൗകര്യങ്ങൾ സർക്കാർ തലത്തിൽ വർദ്ധിപ്പിച്ചതും ഇത്തരം പ്രവണതകളുണ്ടെങ്കിൽ തടയുക എന്ന ഉദ്ദേശത്തോടു കൂടിയാണ്.

(ബി) ഒരു നയം എന്ന നിലയിൽ മെഡിക്കൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല. മാതൃമരണ കാരണങ്ങളെക്കുറിച്ച് കർശനമായ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. പകർച്ചവ്യാധി മരണങ്ങളെക്കുറിച്ചും വിശകലനം നടത്തുന്നുണ്ട്.

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ കർശനമായ നിയന്ത്രണം സാധ്യമാകും.

ആരാധനാലയങ്ങളുടെ സ്ഥലം

8(*68) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എം. എ. ബേബി :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ സ്വത്ത് സർക്കാർ കയ്യടക്കി വച്ചിട്ടുണ്ടോ : വ്യക്തമാക്കാമോ;

(ബി) സർക്കാർ ഒരു വിഭാഗത്തിന്റെ മാത്രം ആരാധനാലയങ്ങൾ ഏറ്റെടുക്കുകയും സ്വന്തം കൈക്കലാക്കുകയും ചെയ്യുന്നുണ്ടെന്ന ആക്ഷേപത്തിന്റെ നിജ സ്ഥിതി വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly